GENERATED THROUGH eOffice

അനെർട്ട്
ANERT
AGENCY FOR NON-CONVENTIONAL ENERGY & RURAL TECHNOLOGY
DEPARTMENT OF POWER, GOVERNMENT OF KERALA
Law College Road, PMG, Thiruvananthapuram 695033 • director@anert.in • www.anert.gov.in
Tel.: (+91-471) 2338077, 2334122, 2333124, 2331803 • Fax: (+91-471) 2329853

## പത്രക്കുറിപ്പ്

21/11/19

# കേരള സംസ്ഥാന അക്ഷയ ഊർജ്ജ അവാർഡ് 2019 അപേക്ഷകൾ ക്ഷണിക്കുന്നു

അക്ഷയ ഊർജ്ജ രംഗത്ത് വളരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നതും മികച്ച സംഭാവനകൾ നൽകിയ വ്യാവസായിക വാണിജ്യ സംരംഭകർ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പൊതു സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ ഇതര സംഘടനകൾ, വ്യക്തികൾ, ഗവേഷണ സ്ഥാപനങ്ങൾ, ഊർജ്ജ രംഗത്തെ വ്യവസായികൾ എന്നിവർക്ക് സംസ്ഥാന സർക്കാർ അനെർട്ട് മുഖാന്തരം അവാർഡ് നൽകി ആദരിക്കുന്നു.

കേരള സംസ്ഥാന അക്ഷയ ഊർജ്ജ അവാർഡ് 2019ന്, 2018 ഏപ്രിൽ 1 മുതൽ 2019 മാർച്ച് 31 വരെയുള്ള കാലയളവിലെ പ്രവർത്തനങ്ങളാണ് അവാർഡിനായി പരിഗണിക്കുന്നത്. കേരള സർക്കാർ സംസ്ഥാനതലത്തിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള മോണിട്ടറിംഗ് കമ്മറ്റിക്കാണ് അവാർഡ് നിർണ്ണയിക്കുന്നതിനുള്ള മേൽനോട്ട ചുമതല. അവാർഡിനുള്ള അപേക്ഷകൾ പരിശോധിച്ച് ജേതാകളെ ശുപാർശ ചെയ്യുന്നത് ഇതിനായി നിയോഗിച്ചിട്ടുള്ള ജഡ്ജിംഗ് കമ്മിറ്റിയാണ്. സമ്മാന തുകയായി വ്യക്തിഗത അവാർഡ് ഒഴികെ മറ്റ അവാർഡു ജേതാക്കൾക്ക് ഒരു ലക്ഷം രൂപയും ഫലകവും പ്രശസ്തിപത്രവും വ്യക്തിഗത അവാർഡ് ജേതാക്കൾക്ക് അൻപതിനായിരം രൂപയും നൽകുന്നതാണ്. ഈ രംഗത്ത് സമഗ്രസംഭാവന നൽകിയ വ്യക്തികൾക്കുള്ള അംഗീകാരമായി പ്രത്യേക അവാർഡും നൽകുന്നതാണ്. മുൻ വർഷങ്ങളിൽ ഏതെങ്കിലും വിഭാഗത്തിൽ അവാർഡ് ലഭിച്ചവർക്ക് നടപ്പ് വർഷം അതെ വിഭാഗത്തിൽ വീണ്ടും അപേക്ഷിക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.

ദേശിയ ശാസ്ത്ര ദിനമായ 2020 ഫെബ്രുവരി 28-ന്, സംഘടിപ്പിക്കുന്ന പൊതു പരിപാടിയിൽ വച്ച് അവാർഡ് വിതരണം ചെയ്യുന്നതാണ്. നിശ്ചിത അപേക്ഷകൾ താഴെപ്പറയുന്ന വിലാസത്തിൽ 2019 ഡിസംബർ 30ന് മുമ്പായി ലഭിക്കേണ്ടതാണ്. അപേക്ഷകൾ സമപ്പിക്കുന്ന കവർ പുറത്ത് "Kerala State Renewable Energy Awards 2019 - <Category>" എന്ന് രേഖപെടുത്തേണ്ടതാണ്. അപേക്ഷ ഫോറം, മറ്റ് മാർഗ്ഗനിർദേശങ്ങൾ എന്നിവ www.anert.gov.in എന്ന അനെർട്ടിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്.

**ഡയറക്ടർ, അനെർട്ട്**

**വികാസ് ഭവൻ PO, തിരുവനന്തപുരം – 695033**

**0471 – 2338077; ടോൾ ഫ്രീ :- 1800 – 425 - 1803**

**ഇമെയിൽ - re-award@anert.in**

AGENCY FOR NON-CONVENTIONAL ENERGY & RURAL TECHNOLOGY ANERT TVM

ഡയറക്ടർ